ഉത്തരം

(എ)&(ബി)ഇല്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള പദ്ധതികളൊന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

13 (1650) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് പദ്ധതികൾ

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാ-സാംസ്കാരിക പ്രവർത്തകർക്ക് എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോന്നിന്റേയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അവശകലാ-സാംസ്കാരിക പ്രവർത്തകർക്ക് ഇപ്പോൾ ഏതെല്ലാം പെൻഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും അവപ്രകാരം പ്രതിമാസം ലഭിക്കുന്ന പെൻഷൻ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്)ഈ രംഗത്ത് പ്രവർത്തിക്കുന്ന അക്കാദമികൾ വഴി ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(ഇ) അശരണരും രോഗബാധിതരുമായ അവശകലാ സാംസ്കാരിക പ്രവർത്തകർക്ക്, സംസ്ഥാന കേന്ദ്ര-സംസ്ഥാന ധനസഹായ പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം 1500 പേർക്ക് പ്രതിമാസം 400/-രൂപ വീതവും കേന്ദ്ര സംസ്ഥാന പദ്ധതിപ്രകാരം 85 പേർക്ക് 1500/-രൂപ (1000/-രൂപ കേന്ദ്രവിഹിതം, 500/-രൂപ സംസ്ഥാന വിഹിതം) വീതവും ധനസഹായം നൽകിവരുന്നു.

(സി)&(ഡി) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക-പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(എഫ്) കേരള സംഗീത നാടക അക്കാദമിയിൽ കലാകാരന്മാരുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള സാഹിത്യ അക്കാദമിയിലും കേരള ലളിതകലാ അക്കാദമിയിലും ചികിത്സാസ

അനുബന്ധം III ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly

ഹായം ആവശ്യമായി വരുന്ന കലാകാരന്മാർക്ക് അക്കാദമി ഭരണസമിതിയുടെ തീരുമാനപ്രകാരം ചികിത്സയ്ക്ക് സഹായം നൽകാറുണ്ട്.

14 (1651) വിദേശ കലാപരിപാടികൾ നടത്തിയ കലാകാരന്മാർ

ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും കലാകാരന്മാർ 1998-99-ൽ വിദേശ കലാപരിപാടികൾ നടത്തിയിട്ടുണ്ട്;

(ബി) ഇവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് വിദേശത്ത് പോകുവാനും പരിപാടികൾ നടത്തുവാനും സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ട്;

(ഡി) ഇത്തരം കലാകാരന്മാർക്ക് വേണ്ട സാമ്പത്തിക സഹായം നൽകുമോ?

ഉത്തരം

(എ) കേരള കലാമണ്ഡലത്തിൽ നിന്ന് 1999 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ കലാകാരന്മാർ ഇറാനിൽ കലാപരിപാടികൾ നടത്താൻ പോയിട്ടുണ്ട്.

(ബി) താഴെ പറയുന്ന 15 അംഗങ്ങൾ ഉൾപ്പെട്ട കഥകളി സംഘമാണ് യാത്ര നടത്തിയത്.

1. കലാമണ്ഡലം : വാസുപിഷാരടി
2. കലാമണ്ഡലം : ബാലസുബ്രഹ്മണ്യൻ
3. കലാമണ്ഡലം : രാജശേഖരൻ
4. കലാമണ്ഡലം : കൃഷ്ണകുമാർ
5. കലാമണ്ഡലം : സൂര്യനാരായണൻ
6. കലാമണ്ഡലം : ഷൺമുഖദാസ്
7. കലാമണ്ഡലം : വെങ്കിടരാമൻ
8. കലാമണ്ഡലം : ഭവദാസൻ
9. കലാമണ്ഡലം : ഉണ്ണിക്കൃഷ്ണൻ
10. കലാമണ്ഡലം : നാരായണൻ
11. കലാമണ്ഡലം : ബാലൻ
12. കലാമണ്ഡലം : ചന്ദ്രൻകുട്ടിതരകൻ
13. കലാമണ്ഡലം : രങ്കൻ
14. കലാമണ്ഡലം : ഉണ്ണിക്കൃഷ്ണൻ
15. എൻ. രാധാകൃഷ്ണൻ നായർ (സെക്രട്ടറി)

LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.വൈ	2836.21	709.06	3545.27	2220.03
എം.ഡബ്ല്യൂ.എസ്.	858.05	214.53	1072.58	624.47

അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13 (1650) ദയവായി കാണുക

അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ

1. ഈ ചട്ടങ്ങൾ അശരണരും, രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.
2. ചികിത്സാ സഹായം 2000 രൂപ മുതൽ പരമാവധി 10,000 രൂപ വരെ നൽകുന്നതാണ്.
3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകല, ശില്പശാല, നാടൻ കലകൾ എന്നീ കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചികിത്സാ ധനസഹായത്തിനായി അതതു അക്കാദമികളിൽ അപേക്ഷിക്കാവുന്നതാണ്.
4. കളരി അഭ്യാസങ്ങൾ നടത്തുന്നവർ, സർക്കസ് കലാകാരന്മാർ തുടങ്ങിയവർ ഈ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അപേക്ഷിക്കാൻ യോഗ്യരല്ല.
5. അപേക്ഷകന്റെ പ്രതിമാസ വരുമാനം 1500/- രൂപയിൽ കവിയാൻ പാടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യസമര പെൻഷനും കലാകാര പെൻഷനും ഒഴികെ എല്ലായിനം പെൻഷനും വരുമാനമായി കണക്കിലെടുക്കുന്നതാണ്.
6. പ്രായപൂർത്തിയായ മക്കളുടെ വരുമാനം, കുടുംബപെൻഷൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, കലാകാര പെൻഷൻ, സർവീസ് പെൻഷൻകാരുടെ ഡി.എ., എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല.
7. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
8. ധനസഹായത്തിനായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കി ബന്ധപ്പെട്ട അക്കാദമി വഴി അപേക്ഷിക്കേണ്ടതാണ്.
9. ജില്ലാ കളക്ടർ മുഖേന സാംസ്കാരിക വകുപ്പായിരിക്കും ധനസഹായം വിതരണം ചെയ്യുന്നത്. മറ്റ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്കും മറ്റ് രീതിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതിപ്രകാരമുള്ള ചികിത്സാ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
10. ഗവൺമെന്റിലേയ്ക്കയച്ച രേഖകൾ യാതൊരു കാരണവശാലും തിരിച്ച് ലഭിക്കുന്നതല്ല.
11. ധനസഹായം ലഭിക്കുന്നതിന് കുറഞ്ഞ പ്രായപരിധി 50 വയസ്സായിരിക്കും.
12. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly